

little KITEs

# പട്ടങ്ങൾ

## ഡിജിറ്റൽ മാഗസിൻ 2024

## ജി. വി. എച്ച്. എസ്. എസ്. മുട്ടറ

കൊട്ടാരക്കര, കൊല്ലം

# എഡിറ്റോറിയൽ ബോർഡ്

**ചീഫ് എഡിറ്റർ**



നിഷ എസ്,
കൈറ്റ് മിസ്ട്രസ്

**സബ്എഡിറ്റർ**



സിബി കൊച്ചുമ്മൻ,
കൈറ്റ്മിസ്ട്രസ്

## എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ



നിവേദ്യ ബി,



അമേയ മഹേഷ്



അഞ്ജന പി



നിരഞ്ജൻ ജെ കൃഷ്ണ



വിനായക് ബി പിള്ള

# ആമുഖം

2023 - 24 അധ്യയന വർഷത്തിലെ ജി.വി.എച്ച് എസ് .എസ് മുട്ടറ സ്കൂളിലെ കുട്ടികളുടെ സർഗാത്മക രചനകൾ കൂട്ടിചേർത്ത് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ "**പട്ടങ്ങൾ**" എന്ന ഡിജിറ്റൽ മാഗസിൻ സന്തോഷപൂർവ്വം നിങ്ങൾക്കായി സമർപ്പിച്ചു കൊള്ളുന്നു. ഇതിനു വേണ്ടി പ്രയത്നിച്ച എല്ലാ കൂട്ടുകാർക്കും അധ്യാപകർക്കും ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.

**ലിറ്റിൽകൈറ്റ്സ് ക്ലബ്**
**ജി.വി. എച്ച് .എസ് .എസ് .മുട്ടറ**

# ആശംസ



പ്രിയപ്പെട്ടവരെ,

നമ്മുടെ സ്കൂളിലെ ലിറ്റിൽകൈറ്റ്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ തയാറാക്കിയിരിക്കുന്നു. കഴിഞ്ഞ അക്കാദമിക വർഷം നമ്മുടെ കുട്ടികളിൽ നടന്ന സർഗത്മക പ്രവർത്തനങ്ങളിലേക്കുള്ള ഒരുതിരിഞ്ഞു നോട്ടമാണിത്. മികച്ച എല്ലാ സർഗാത്മക പ്രവർത്തനങ്ങളും ഉൾപ്പെടുത്താൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങളിൽ പങ്കാളികളായ എല്ലാ കുട്ടികൾക്കും അതിന് നേതൃത്വം നൽകിയ ലിറ്റിൽകൈറ്റ്സ് ചാർജ് വഹിക്കുന്ന അധ്യാപികമാർക്കും അഭിനന്ദനങ്ങൾ.

**ജ്യോതി . റ്റി. ജി,**

**ഹെഡ്മിസ്ട്രസ്**

# ആശംസ



പ്രിയപ്പെട്ടവരെ,

2018 ജനവരി 18 ന് കേരളം രൂപപ്പെടുത്തിയ ഒരുദാത്ത മാതൃക ഇന്ന് ഒരു ലക്ഷം കുട്ടികളിൽ പടർന്ന് പന്തലിച്ചിരിക്കുന്നു. ഐ.ടി രംഗത്തെ ഹൈടെക് യുഗം കുരുന്നു കൈകളിൽ പുതിയ ആപ്പുകൾക്കും, അവരുടെ ബുദ്ധിശക്തി കണ്ടെത്തുന്ന പുത്തൻ വിഭവ സാമർഥ്യത്തിനും മുന്നിൽ മാനവ ശേഷി പുത്തൻ അതിരുകൾ താണ്ടുകയാണ്. ഈ കൊച്ച് കേരളം സൃഷ്ടിക്കുന്ന നവ ടെക് ജീനിയസുകൾ ലോകമാകെ താരംഗമാകുന്ന കാലം വിദൂരമല്ല. ജി.വി. എച്ച് എസ് എസ് .മുട്ടറ സ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്തതിൽ വളരെ വിപുലമായി നടത്തിയ സ്വതന്ത്ര വിജ്ഞാനോത്സവം പോലെയുള്ള പ്രവർത്തനങ്ങൾ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ വിവര സാങ്കേതിക വിദ്യയിലെ വൈദഗ്ദ്യം അറിയിക്കുന്നതായിരുന്നു..അടുത്ത സംരംഭമായ ഡിജിറ്റൽ മാഗസിൻ കുട്ടികളുടെ സർഗാത്മകതയിലെയും ടെക്നോളജിയിലെയും കഴിവ് വരച്ച് കാട്ടാൻ ഒരവസരമാണ്. ലിറ്റിൽ കൈറ്റ്സിലെ എല്ലാ കൂട്ടുകാരെയും ഹൃദയത്തിൽ ചേർത്തുകൊണ്ട്... '**പട്ടങ്ങൾ** 'എന്ന ഡിജിറ്റൽ മാഗസിന് തയ്യാറാക്കിയ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും നേതൃതം വഹിച്ച കൈറ്റ് മിസ്ട്രസ് മാർക്കും എല്ലാവിധ ആശംസകളും നേരുന്നു.

**ജി.പി സജിത്കുമാർ,**

**പി.റ്റി.എ പ്രസിഡന്റ്**

# ആശംസ



പ്രിയപ്പെട്ടവരെ,

സ്കൂൾ പഠനകാലത്ത് ലിറ്റിൽകൈറ്റ്സിലെ ഒരു അംഗം തന്നെയായിരുന്നു ഞാനും. സാങ്കേതിക രംഗത്ത് ആനിമേഷൻ, പ്രോഗ്രാമിങ് തുടങ്ങി നിരവധി കാര്യങ്ങൾ ഈ ക്ലബ് വഴി ഞങ്ങൾ പഠിച്ചിരുന്നു. ജി.വി.എച്ച്.എസ്.എസിലെ ലിറ്റിൽകൈറ്റ്സ്അധ്യാപകരുടെ സഹായത്താൽ കൂട്ടുകാര് "**പട്ടങ്ങൾ**"എന്ന ഡിജിറ്റൽ മാഗസീൻ തയ്യാറാക്കുന്നതിൽ അതിയായ സന്തോഷമുണ്ട്. പ്രീയപ്പെട്ട സ്കൂളിനും ലിറ്റിൽകൈറ്റ്സ് ക്ലബിനും എല്ലാവിധ ആശംസകളും നേരുന്നു....

പഞ്ചമിരാജ്, എഴുത്തുകാരി

പൂർവവിദ്യാർത്ഥി

# ഉള്ളടക്കം


| | |
|---|---|
| ഓർമയിലെ ഒരു പച്ചമാങ്ങാ പുളിപ്പ് | 8 |
| ശരിയായ പകുതി | 9 |
| നീലാകശത്തെ മന്ത്രം | 10 |
| ലയണൽ ആൻഡ്രൂസ് മെസ്സി (GOAT) | 11 |
| മുല്ലപ്പൂ | 12 |
| ലിറ്റിൽ കൈറ്റ്സിലൂടെ - എന്റെ യാത്ര | 13 |
| പഴഞ്ചൊല്ലിൽ പതിരില്ല | 14 |
| എന്റെ നാടിന്റെ രോദനം | 15 |
| അറിവിലേക്ക് | 16 |
| അബാജന്റെ ലോകത്തിലെ മലാല മാലാഖ | 17 |
| വേദനയിലെ സൗഹൃദം | 18 |
| ഇന്റർനെറ്റിന്റെ  ലോകം | 19 |
| FAMOUS QUOTES | 20 |
| QUIZ | 21 |
| A P J ABDUL KALAM | 22 |
| ACTOR VIJAY | 23 |
| SOBHANA-THE GREAT ACTRESS | 24 |
| QUOTES ABOUT SCIENCE | 25 |
| CHRISTIANO RONALDO | 26 |
| IT QUIZ | 27 |
| STRONG WOMAN | 28 |
| PASCAL'S TRIANGLE | 29 |
| NATURE | 30 |




കവിത

മീര എ , 7 B

# ഓർമയിലെ ഒരു പച്ചമാങ്ങ

പുലരുന്ന സൂര്യൻ ഒന്നു നോക്കി
എൻറെ മനസ്സ് മന്ത്രിച്ചു നിന്നു
അന്നൊരുനാൾ നമ്മളൊന്നായിരുന്നു
ഇന്നൊരുനാൾ നമ്മൾ വേർപിരിഞ്ഞു
എന്തിനു നീ എന്നരികിൽ വന്നു?......
തേങ്ങുവാനോ അതോ ചിരിക്കുവാനോ........
എൻ നിഴലായി നടന്നതല്ലേ........
എൻ കൈകോർത്തു ചിരിച്ചതല്ലേ.......
തൊടിയിലെ വാടിയിൽ അന്നു നാം ഒന്നായി
ചാഞ്ഞും ചരിഞ്ഞും കിടന്നതല്ലേ
എൻ നെഞ്ചിലമർന്നു ചാഞ്ഞ്
തണലത്ത് നമ്മൾ പുണർന്നതല്ലേ
എന്തിനാണെന്നെ നീ പ്രണയിച്ചത്
ഈ ഓർമ്മകൾ എനിക്ക് ഓർക്കുവാനോ
തേൻമാമ്പഴം പോലിരുന്ന മാവിൽ
പുളിയുള്ള മാങ്ങ നാം പകർന്നു തിന്നു.
ഈ മാമ്പഴം നമുക്കു മധുരമല്ലേ
ഒന്നായിരുന്നപ്പോൾ മാത്രമായി....
ഈ മാവ് ഇന്നുമെൻ തൊടിയിലുണ്ട്
ഉപകാരമില്ലാത്ത തേന്മരമായി......
എന്നും എനിക്കിത് പ്രിയമുള്ളതാണ്
നിന്നെ ഞാൻ ഓർക്കാനായ്
ഇതുമാത്രം അവസാനം
ഇതിനെ മുറിക്കാൻ അനുവാദമില്ല
എന്നും എന്നോർമ്മയിൽ നീ മാത്രമായ്
ഉറങ്ങുവാൻ കഴിയാത്ത കിനാവുകളായ്

കഥ

തീർത്ഥ എസ് ,8 B

# ശരിയായ പകതി

അമ്മുവിന്റെ അച്ഛനെ ഈ അടുത്തിടെയാണ് ജോലിക്കായതോടുകൂടി സ്ഥലം മാറ്റം ലഭിച്ചത്. അതിൽ അമ്മുവിനെ സന്തോഷമുണ്ടെങ്കിലും അമ്മുവിന്റെ മനസ്സിൽ അപ്പോഴും ഒരു നീരസം കടന്നുകൂടിയിരുന്നു. തന്റെ ഉറ്റ സുഹൃത്തായ പൊന്നുവിനെ ഉപേക്ഷിച്ച് മറ്റൊരു നാട്ടിൽ മറ്റു കുട്ടികളോടൊപ്പം പഠിക്കണം എന്നതായിരുന്നു അവളുടെ മനസ്സിലെ സങ്കടം. അങ്ങനെ അവളുടെ പുതിയ വീട്ടിലെ ഒരുദിവസംഅവൾ വീടിനും മുൻവശത്തെ തത്തമ്മക്കൂടിനു മുന്നിൽ തത്തമ്മയോടൊപ്പം നിൽക്കുകയായിരുന്നു.
അപ്പോഴതാ അവളുടെ പൊന്നുവിനെകുറിച്ചുള്ള ചിന്തകളെ കീറിമുറിച്ച് കൊണ്ടുള്ള ആ വിളി. " അമ്മു ഒന്നിങ്ങു വന്നേ ഇതാ നിനക്ക് ഒരു കത്ത് "അമ്മുവിന്റെ അമ്മയായിരുന്നു വിളിച്ചത്. അമ്മു വളരെ സന്തോഷത്തോടുകൂടി പൊന്നുവിന്റെ കത്താണെന്ന് തന്നെ മനസ്സിൽ ഉറപ്പിച്ചുകൊണ്ട് അവിടേക്ക് നടന്നു. അവളുടെ ഊഹം ഒട്ടും തെറ്റിക്കാതെ തന്നെ അവൾക്കു മനസ്സിലായി അത് പൊന്നുവിന്റെ കത്ത് തന്നെയാണ്. കത്തിൽ ഇങ്ങനെയായിരുന്നു പരാമർശം ഇന്നു ഞാൻ
ഈ ആശുപത്രി കിടക്കയിൽ കിടക്കുമ്പോൾ ഞാൻ ഏറ്റവും കൂടുതൽ ആഗ്രഹിക്കുന്നത് ഇന്ന് നീ എന്റെ അടുക്കൽ ഉണ്ടായിരുന്നു എന്ന് എന്നെങ്കിലാണ്. അപ്പോഴും അസുഖം എന്താണെന്ന് കത്തിൽ പൊന്നു വിശദമാക്കുന്നില്ല .സന്തോഷത്തോടെ പൊന്നുവിന്റെ കത്ത് വായിക്കാൻ വന്ന അമ്മു തിരിച്ചു മടങ്ങിയത് നിറഞ്ഞൊഴുകിയ കണ്ണുകളോടെയാണ് അവൾ കത്തുമായി അമ്മയുടെ അടുക്കൽ ചെന്ന് കാര്യം ബോധിപ്പിച്ചു.സങ്കടത്താൽ നിറഞ്ഞു നിൽക്കുന്ന അമ്മുവിനെ കണ്ടുനിൽക്കാൻ അവളുടെ അച്ഛനും അമ്മയ്ക്കും സാധിച്ചില്ല.മാത്രമല്ല അവളുടെ അച്ഛനും അമ്മയ്ക്കും ഏക മകളാണ് അമ്മു അങ്ങനെ അവളുടെ ആഗ്രഹം സാധിക്കുന്നതിനായി അവർ ഇരുവരുംഅമ്മുവിനെയും കൊണ്ട് പൊന്നുവിന്റെ അടുക്കലേക്ക് പോയി. ഓപ്പറേഷൻ തിയേറ്ററിലേക്ക് അമ്മു ആശുപത്രിയിലേക്ക് എത്തിയപ്പോഴേക്കും പൊന്നുവിനെ കയറ്റിയിരുന്നു. അങ്ങനെ സങ്കട ത്തോടെ ഓപ്പറേഷൻ തിയേറ്ററിന് മുന്നിൽ പൊന്നുവിന്റെ അച്ഛനമ്മമാരോടൊപ്പം അമ്മുവും അച്ഛനമ്മമാരും കാത്തിരുന്നു. ശസ്ത്രക്രിയ കഴിഞ്ഞ് വന്ന പൊന്നുവിനെ കാണാനായി കൊതിച്ചിരുന്ന അവളുടെ അച്ഛനമ്മമാരുടെയും അമ്മുവിന്റെയും മുന്നിലേക്ക് അവളെ കൊണ്ടുവന്നു. ഇരുവരുടെയും മുഖം ആനന്ദഅശ്രുവാൽ നിറഞ്ഞിരുന്നു. ഏറെ നാളത്തെ ബന്ധനങ്ങൾ ക്കൊടുവിൽ അവർ പിന്നെയും ഒന്നിച്ചു. അതൊന്നു കഴിയുന്നതിനുള്ള സങ്കടം കാരണം അമ്മുവിന്റെ അച്ഛൻ ജോലി തന്നെ ഉപേക്ഷിച്ചു അവൾക്കു വേണ്ടി അങ്ങനെ പൊന്നുവും അമ്മുവുംപിന്നെയും ഒറ്റ സുഹൃത്തുക്ക ളായി മാറി പൊന്നുവിന്റെ അസു ഖം മാറുകയും അവർ പിന്നെയും ഒരുമിച്ച് സ്കൂളിലേക്ക് പോവുകയും ചെയ്തു.



കവിത

ശ്രീധന്യ, 8B

# നീലാകാശത്തെ മന്ത്രം

വാനമേ നീയെന്തെല്ലാമായി, ചുവന്ന
സന്ധിയായി, മഴ പൊഴിഞ്ഞപ്പോൾ
നീലയും വെള്ളപ്പുമായി, നിനക്ക് പിറന്ന
നക്ഷത്ര കുഞ്ഞുങ്ങളെ കാണിച്ചുതന്ന
വനമേ നീയ്, മഴ തോർന്ന വാനം
തെളിഞ്ഞിട്ടും എൻ നാട്ടു വഴിയിലെ
വാക മരം പിന്നെയും മഴത്തുള്ളികൾ
പൊഴിചീട്ടും, നിൻ മഴത്തുള്ളി
കിലുക്കംമാണിപ്പഴും എൻ ഇടനെഞ്ചിൽ
ഹൃദയ താളം.

ലേഖനം

നിരഞ്ജൻ , 8 B

# ലയണൽ ആൻഡ്രൂസ് മെസ്സി



ലോകം കണ്ടതിൽ വെച്ച ഏതവും മികച്ച ഫുട്ബോൾ താരമാണ് ലിയോ മെസ്സി. 1987 ജൂൺ 24ൽ അര്ജന്റീനയിലെ റോസാരിയോവിൽ ജനനം.ജോർജ് മെസ്സിയുടെയും സിലിയ ക്യൂസിസിട്ടിണിയുടെയും രണ്ടാമത്തെ മകൻ. അവർ അവനെ ലയണൽ ആൻഡ്രൂസ് മെസ്സി എന്ന് പേര് നെൽകി. അവന്റെ അച്ഛൻ അവന് കളിപ്പാട്ടമായി ഫുട്ബോൾനൽകി അതിനാൽതന്നെഅവന് ഫുട്ബോളി നോടുള്ളആത്മാർത്ഥയും കൂടി.അങ്ങനെ 1995ൽ മെസ്സി ന്യൂവെൽ ഓൾഡ് ബോയ്സ് ക്ലബ്ബിൽ ജോയിൻ ചെയ്തു. അവന്റെ കള്ളി കണ്ട് എല്ലാവരും ഞെട്ടി അത്ര മേൽ മനോഹരം പക്ഷെ വിധി അവനെ തളർത്താൻ ശ്രമിച്ചു. അവന്റെ പ്രായത്തിൽ ഉള്ള നീളംഅവന്ഇല്ലായിരുന്നു.ഡോക്ടർപറഞ്ഞത് മെസ്സിക്ക് ഹോർമോണിന്റെ കുറവുണ്ടെന്നും അത് ആഴ്ച്ച ആഴ്ച്ച വന്നു കുത്തിവക്കണം അല്ലെങ്കിൽ മെസ്സിക്ക് ഇനി ഫുട്ബോൾ കളിക്കാൻ പറ്റില്ല പക്ഷെ മെസ്സി അവിടെ ഒന്നും തളർന്നില്ല. ആ ഒരുകാല ഘട്ടത്തിലാണ് മെസ്സിക്ക്ബാസ്ലോനടീമിലേക്ക് സെലെക്ഷൻ കിട്ടിയത്അവർ ബാഴ്സഏജൻഡ് അത്യം ഒന്ന് ആലോചിച്ചു കാരണം ആ സമയത്ത്ഈചികിത്സയും വഹിക്കാൻ ഉള്ള പണം അവരുടെ കൈയിൽ ഇല്ലായിരുന്നു പക്ഷെ മെസ്സിയുടെ കളികണ്ട് അടുത്ത ദിവസംപോവാനിരുന്ന മെസ്സിയെ ഹോട്ടലിൽ വിളിച്ച് ഒരു നപ്കിനിൽ കരാർ ഇട്ടു. വർഷം 2000 പിന്നെ നീണ്ടേ ഒരു കാലത്ത് മെസ്സി ബാഴ്സയിൽ തന്നെ തുടർന്നു.2021 ഇൽ മെസ്സി ക്ലബ് മാറി അത് വളരെ സങ്കടത്തോടെ ആയിരുന്നു കാരണം മെസ്സിയെ വളർത്തിയെ ക്ലബ് ആണ് ബാഴ്സ അവൻ ഏറ്റവും കൂടുതൽഅവാർഡ് മേടിച്ച ക്ലബ്ആണ് അത് അതൊരുചരിത്രംന്നെയാണ്. 2021ൽ പി. എസ്. ജി യിൽ ജോയിൻ ചെയ്തു ആ രണ്ട് വർഷം മെസ്സിക്ക് നരക തുല്യ മായിരുന്നു എന്ന് മെസ്സി തന്നെ പറഞ്ഞിട്ടുണ്ട് പിന്നീട് ഇന്റർ മിമിയിലേക്ക് ജോയിൻ ചെയ്തു മെസ്സി യൂറോപ്പിൽ നിന്ന് പോയപ്പോ മെസ്സിക്ക് സങ്കടം ഉണ്ടായിരുന്നു പക്ഷെ പി. എസ്. ജി യിൽ നിന്നും വിട വാങ്ങുന്നതിൽ നിന്നും സന്തോഷം ആയിരുന്നു. ഇത് ക്ലബ് ചരിത്രം. രാജ്യത്തിന് വേണ്ടി അവൻ ഒത്തിരി ചെയ്തിട്ടുണ്ട് ആത്യം അവനെ എല്ലാവരും കളിയാക്കി ഇരുന്നത് രാജ്യത്തിനു വേണ്ടി ഒന്നും നേടാത്തവൻ എന്നാണ് 2014 ലോക കപ്പ് ഫൈനലിൽ 0-1 എന്ന സ്കോറിൽ അര്ജന്റീന തോറ്റു പക്ഷെ ആ ടൂർണ്ണമെന്റിലെ ഗോൾഡൻബോൾ മെസ്സികരസ്ഥമാക്കി. പക്ഷെ വിമർശകരുടെ വാ അടപ്പിച്ചു കൊണ്ട് മെസ്സി 2021ലെ കോപ്പ അമേരിക്ക,2022ലെ ഫൈനലിസ്സ്മ,2022ലെ ലോക കപ്പും ഗോൾഡൻ ബോൾ മെസ്സിസ്വന്തമാക്കി. മെസ്സിയുടെ കാരീർ നേട്ടങ്ങൾ : 800+ഗോൾ,350+അസ്സിസ്റ്റ്,8 ballon d'or, 6 ഗോൾഡൻ ബൂട്ട്, 14 IFFHS award,3 പിച്ചിച്ചി ട്രോഫി,2 മികച്ച ഫിഫ പുരുഷ താരം,4 UCL titles..........മൊത്തം 44 ടീം അവാർഡ്

**നിങ്ങളുടെ സ്വപ്നത്തിലെത്താൻ നിങ്ങൾ പോരാടേണ്ടതുണ്ട് – ലയണൽ ആൻഡ്രൂസ് മെസ്സി.**

പട്ടങ്ങൾ

ജി വി എച്ച് എസ് എസ് മുട്ടറ

കവിത

അർപ്പിത ഉദയൻ, 10 B

# മുല്ലപ്പൂ

എൻ ജനാല തുറന്നതും കാണ്മു
ചന്ത മേറിയ  മുല്ലപ്പൂ....
കുഞ്ഞിലെ തൊട്ടാതീനരികത്തു
പോയിരുന്ന ആസ്വദിപ്പു ഞാൻ....
ഇപ്പോഴാണ് അറിവുണ്ടായതൊരു
മുല്ലപ്പൂച്ചെടിയാണെന്ന്...
ഇത്രനാൾ ഞാൻ കാണം അതല്ലാതെ
ഇത്ര ഭംഗി അതിനില്ല...
ഒന്നു ചെന്നു പറിച്ചാലോ എന്റെ
ചിത്തം തുടിക്കുന്നിതാ...
വേണ്ട നോവിച്ചു പോകിലോ
സ്വാന്തനിപ്പിക്കാൻ ആരുണ്ട്



പട്ടങ്ങൾ

അനുഭവ കുറിപ്പ്

ലക്ഷ്മി വിമൽ ,10 B

# ലിറ്റിൽ കൈറ്റ്സിലൂടെ - എന്റെ യാത്ര

2021 -24 ബാച്ച് ലിറ്റിൽ കൈറ്റ്സ് അംഗമാണ് ഞാൻ ഈ ക്ലബ്ബിൽ ചേർന്ന് അതിന്റെ പ്രവർത്തനങ്ങളിൽ പങ്കുചേരാൻ കഴിഞ്ഞത് ഒരു നല്ല അനുഭവം തന്നെയാണ് നൽകിയത് സാങ്കേതികവിദ്യയിൽ ഉള്ള ന്റെഅഭിരുചിമെച്ചപ്പെടുത്താൻ ഈ അവസരം സഹായിച്ചു.എനിക്ക് ഐടിമേളയിൽപങ്കെടുക്കാനും സംസ്ഥാനതലത്തിൽ പങ്കെടുക്കാനും  കഴിഞ്ഞു ഞാൻ ചിലവഴിച്ച സമയങ്ങൾ എനിക്ക് വളരെ വിലപ്പെട്ടതാണ്ഇതിൽ കയറ്റി ലീഡർആകാൻകഴിഞ്ഞതിൽഎനിക്കുവളരെഅഭിമാനമുണ്ട് എന്നെ ഏൽപ്പിച്ച പ്രവർത്തനങ്ങൾ ടീച്ചറിന്റെസഹായത്തോടെ ചെയ്തുതീർക്കാൻഎനിക്ക് സാധിച്ചു. 2022-23 ഐടി മേളയിൽ നിന്നും ജില്ലാലെവൽ പ്രസന്റേഷൻ പങ്കെടുക്കുവാനുംസംസ്ഥാനതലത്തിൽ എ ഗ്രെയ്ഡ് കരസ്ഥമാക്കാനും കഴിഞ്ഞു.അനിമേഷൻ പ്രോഗ്രാമിംഗ്റോബോട്ടിക്സ് മേഖലകളിൽ പ്രാവീണ്യം കൈവരിക്കാൻ കഴിഞ്ഞു റോബോട്ടിക്സ് നിർമ്മാണവും പ്രവർത്തിപ്പിക്കലും എനിക്ക് വളരഅധികം അദ്ഭുതവും തത്പര്യവും ജനിപ്പിച്ച മേഖലയാണ്. സ്കൂളിലെ എക്സിബിഷനിൽ റോബോട്ടിക്സ് നിർമ്മിച്ച് പ്രദർശിപ്പിച്ചത് ഞങ്ങൾ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ അഭിമാന നിമിഷമാണ് .... ക്യാമ്പുകൾ ഞങ്ങൾക്ക് പുത്തൻ അനുഭവങ്ങളായി മാറി. ഞങ്ങളുടെ പുത്തൻ സാങ്കേതിക വിദ്യയിലെ അറിവുകൾ മറ്റ് കുട്ടികൾക്ക് പകർന്ന് നൽകിയപ്പോൾ അവരുടെ കണ്ണിലെ അദ്ഭുതം ഞങ്ങൾക്ക് അല്പം അഹങ്കാരം നൽകിയോ എന്ന് സംശയം. ലിറ്റിൽ കൈറ്റ്സിനോ ടൊപ്പമുള്ള ഈ മൂന്ന് വർഷത്തെ യാത്ര മറക്കാത്ത അനുഭവമായി മാറുമെന്നത് നിസംശയംപറയാം............



പട്ടങ്ങൾ

അരവിന്ദ് സൂര്യ എ, 8B

# പഴഞ്ചൊല്ലിൽ പതിരില്ല

- കുടൽ കാഞ്ഞാൽ കുതിര വയ്ക്കോലും തിന്നും
- ഗരുഡൻ ആകാശത്തിൽ പറക്കും ഈച്ച
- അങ്കണത്തിൽ പറക്കും
- വിദ്യാധനം സർവ്വധനാൽ പ്രധാനം
- സദ്യ മറന്നാലും പട്ടിണി മറക്കില്ല
- അടിസ്ഥാനമുറച്ചേ ആരുഢമുറക്കൂ
- പഥ്യക്കാരന് വൈദ്യൻ വേണ്ട
- പതിനെട്ടു വാദ്യവും ചെണ്ടക്ക് താഴെ
- ആകെ മുങ്ങിയാൽ കുളിരില്ല
- അത്താഴം മുടങ്ങി പത്തായം നിറയ്ക്കരുത്
- ഇല്ലായ്മ വന്നാലും വല്ലായ്മ അരുത്
- ചിരട്ടയിലെ വെള്ളം ഉറുമ്പിന് സമുദ്രം
- ആറ്റിൽ കളഞ്ഞാലും അളന്നു കളയണം
- ചവിട്ടിയാൽ കടിക്കാത്ത പാമ്പില്ല
- കണ്ടതെല്ലാം കൊണ്ടാൽ കൊണ്ടതെല്ലാം കടം
- എഴുതാപ്പുറം വായിക്കരുത്

കവിത

മഹിമ, 9A


# എന്റെ നാടിന്റെ രോദനം



കളകളാരവം മുഴക്കിയൊഴുകുന്ന
പുഴകൾ നിറഞ്ഞൊരീയെന്റെ നാട്
മാലിന്യക്കുമ്പാരവാഹകരായിന്ന്
ദുഖാർത്തരായി യൊഴുകിടുന്നു.
പച്ച പട്ടുവിരിച്ച പോൽ ശോഭിക്കും
പാടങ്ങൾനിറഞ്ഞൊരീയെന്റെ നാട്
അംബരചുംബിയാം ഹർമ്യങ്ങൾ കൊണ്ട്
ചൂടേറ്റ് വാടിത്തളർന്നിടുന്നു
വൃക്ഷങ്ങൾ തിങ്ങി നിറഞ്ഞു നിന്നിടുന്ന
സുന്ദരിയായിരുന്നെന്റെ നാട്
ചൂടേറ്റു വാടിത്തളർന്നിടുന്നു പോയി
ദാഹമകറ്റാനായ് കേണിടുന്നു
ഭാഷയും വേഷവും സംസ്കാരവും
ഭക്ഷണത്തനിമയുണ്ടായിരുന്ന നാട് കടൽ
കടന്നെത്തിയ സംസ്കാരത്തെ പുൽകി
ഖിന്നയായിന്നു വസിച്ചിടുന്നു.

ക്വിസ്

അമേയ മഹേഷ്, 9B



# അറിവിലേക്ക്

1. എ. ഐ സാങ്കേതിക വിദ്യ ഉപയോഗിച്ച ആദ്യ ഇന്ത്യൻ ചലച്ചിത്രം ?
**മോണിക്ക : ആൻ എ ഐ സ്റ്റോറി**

2. തെക്കൻ ഇസ്രായേലിൽ പാലസ്തീൻ സായുധ പ്രസ്ഥാനമായ ഹമാസ് മിന്നലാക്രമണം നടത്തിയ ദിവസം ഏതാണ്?
**2023 ഒക്ടോബർ 7**

3 . നൂറാം ലോകകപ്പ് ഫുട്ബോൾ അരങ്ങേറുന്ന വർഷം?
**2030**

4. അടുത്തിടെ അന്തരിച്ച പ്രശസ്ത ഇന്ത്യൻ ക്രിക്കറ്റ് താരം?
**ബിഷൻ സിംഗ് ബേദി**

5.നവജാത ശിശുക്കൾ ആദ്യമായി തിരിച്ചറിയുന്ന നിറം?
**ചുവപ്പ്**

6. വെളുത്ത സ്വർണ്ണം എന്നറിയപ്പെടുന്നത് ?
**പ്ലാറ്റിനം**

7. ഇന്ത്യയിൽ ആദ്യമായി ലോട്ടറി തുടങ്ങിയ സംസ്ഥാനം ?
**കേരളം**

8. ഏത് ചെടിയിൽ നിന്നാണ് കുങ്കുമം ലഭിക്കുന്നത്?
**ക്രോക്കസ്**

9. ഇലക്ഷൻ കമ്മീഷന്റെ ആസ്ഥാനം?
**നിർവാചൻ സദൻ**

10. ആകാശവാണി എന്ന പേര് ഇന്ത്യൻ റേഡിയോ പ്രക്ഷേപണത്തിന് നൽകിയ വ്യക്തി?
**രവീന്ദ്രനാഥ ടാഗോർ**

11. വിമാന താവളങ്ങൾ ഇല്ലാത്ത ഇന്ത്യൻ സംസ്ഥാനം ?
സിക്കിം

12. ഐക്യരാഷ്ട്ര ദിനത്തിൽ ജനറൽ അസംബ്ലി ഹാളിൽ പാടിയ ഏക ഇന്ത്യൻ വനിത?
**എം.എസ്.സുബ്ബലക്ഷ്മി**

13. ഗവർണർക്ക് സത്യവാചകം ചൊല്ലിക്കൊടുക്കുന്നത് ആരാണ് ?
**ഹൈക്കോടതി ചീഫ് ജസ്റ്റിസ്**

14. മാഗ്സസെ അവാർഡ് നേടിയ ആദ്യ ഇന്ത്യക്കാരൻ ആരാണ്?
**വിനോബാ ഭാവെ**

15 ഇന്ത്യയിൽ സാമ്പത്തിക വർഷം ആരംഭിക്കുന്നത് എന്ന്?
**ഏപ്രിൽ 1**

ജീവചരിത്രം

അയന, 8 B

# അബാജന്റെ ലോകത്തിലെ മലാല മാലാഖ

സിയാ ഉദീൻ യുസഫ് സായുടെയും തൂർ പേക്കായ് യൂസഫ് സായുടെയും മകളായി പാകിസ്ഥാൻ വടക്കേ പശ്ചിമ ഭാഗത്തു സ്വാത് താഴ്‌വരയിൽ ജനനം. 1997 ജൂലൈ 12 നാണ് മലാല ജനിക്കുന്നത്. പിതാവ് സിയാ ഉദീൻ യൂസഫ് സായ് സ്കൂൾ മേൽനോട്ട ചുമതലയുള്ള വ്യക്തിയായിരുന്നു. അതിനാൽത്തന്നെ വിദ്യാഭ്യാസവുമായി ഏറെ അടുത്ത് പ്രവർത്തിച്ചിരുന്ന കുടുംബമായിരുന്നു മലാലയുടേത്. മലാലയ്ക്ക് രണ്ടു കുഞ്ഞനുജൻമാരാണ് ഉള്ളത്. പിതാവായിരുന്നു മലാലയുടെ വഴികാട്ടി. അബ്ബ ജാൻ എന്നു മലാല സ്നേഹത്തോടെ വിളിക്കുന്ന യുസഫ് സായായിരുന്നു മലാലയെ പല വിഷയങ്ങളും പഠിപ്പിക്കുന്നതും രാഷ്ട്രീയ സാമൂഹിക കാര്യങ്ങളിൽ മലാല കാണിച്ച താൽപര്യം കണ്ട് ആക്ടിവിസ്റ്റ് ആക്കണമെന്ന മോഹം പിതാവിനുണ്ടായിരുന്നു. 2007 ൽ മലാലയും കുടുംബവും താമസിക്കുന്ന സ്വാത് പ്രവിശ്യ ഭീകര സംഘടനയായ താലിബാൻ പിടിച്ചടക്കി. മതമൗലികവാദികളായവർ താലിബാൻ ടി വി , നൃത്തം എന്നിവ ബഹിഷ്കരിച്ചു. പെൺകുട്ടികൾ സ്കൂളിൽ പോകരുത് ,പോയാൽ അതിനുള്ളപ്രത്യാഘാതങ്ങനേരിടേണ്ടിവരുമെന്നും ആഹ്വാനം ചെയ്തു. നൂറുകണക്കിന് സ്കൂളുകളും നശിപ്പിച്ചു വിദ്യാഭ്യാസത്തിന്റെ മൂല്യത്തെപ്പറ്റി പൂർണ ബോധ്യമുള്ള മലാലയെ പോലുള്ള പെൺകുട്ടികളുടെ അവകാശങ്ങളെപ്പറ്റിയും വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും മലാല 2008 മുതൽ പൊതുവേദികളിൽ സംസാരിക്കാൻ തുടങ്ങി. 2013 ൽ തന്റെ പതിനാറാം പിറന്നാളിനു ഐക്യരാഷ്ട്ര സഭയിൽ അവൾ പ്രസംഗിച്ചു. ജൂലൈ 12 ലോക മലാല ദിനമായി ആചരിച്ചു വരുന്നു. 2013 ൽ തന്നെയാണ് 2 മില്യൺ കോപ്പികൾ വിറ്റഴിഞ്ഞ' ഐ ആം മലാല' ആത്മകഥ പുറത്തു വരുന്നതും ഗുൽമലായ് എന്ന അപര നാമത്തിൽ ബ്ലോഗുകൾ എഴുതിത്തുടങ്ങുകയും ചെയ്തു. ഇതിൽ പ്രകോപിതരായ താലിബാൻ സംഘടന ബ്ലോഗ് ആരാണ്എഴുതുന്നത് എന്ന് കണ്ടെത്തി. നിരന്തരമായ വധഭീഷണികൾ ഉണ്ടായിട്ടും മലാല എഴുത്ത് തുടർന്നു. 2012 ഒക്ടോബർ 9 ന സ്കൂൾ വിട്ടു വീട്ടിലക്ക് മടങ്ങുകയായിരുന്ന മലാലയുടെ സ്കൂൾ ബസ് താലിബാൻ സംഘം തടഞ്ഞ് കൂട്ടുകാരുടെ മുന്നിൽ വച്ച് മലാലയെ വെടിവച്ചു. മരണത്തെ മുഖാമുഖം കണ്ട മലാല മരണത്തെ തള്ളിക്കളഞ്ഞ് ജീവിതത്തിലേക്ക് തിരിച്ചു വന്നു. മലാലയുടെ പോരാട്ടം തുടർന്നു കൊണ്ടേയിരുന്നു.

കഥ

ദേവിക, 10 B

# വേദനയിലെ സൗഹൃദം

അമ്മുവിന് ഈ വരുന്ന ഏപ്രിൽ ആകുമ്പോൾ 13 വയസ്സാകും. അവൾ എട്ടാം ക്ലാസ്സിലേക്ക് കടക്കുന്നു .കൊച്ചിയിൽ ആയിരുന്ന അവർ സ്‌കൂൾ തുറക്കുന്നതിനു മുൻപുള്ള വെക്കേഷന് പുതിയ നാട്ടിൽ വന്നു .അമ്മുവിൻ്റെ അച്ഛൻ്റെ ജോലിയിൽ പുതിയ സ്ഥാനമാറ്റം കിട്ടിയതുകൊണ്ടും അമ്മുവിൻ്റെ മനസ്സിന് കുറച്ചു കൂടി ഇണങ്ങുന്നതും കേരളീയ തനിമ നിറഞ്ഞതുമായ സ്ഥലമായ ആലപ്പുഴയിലേക്ക് എത്തുന്നു .ജന്മനാ ഹൃദയത്തിന് പ്രശ്നം ഉള്ള കുട്ടിയാണ് അമ്മു .മാതാപിതാക്കളുടെ തിരക്ക് കാരണം പൊതു സമൂഹത്തിൽ അവർ അധികം ആക്റ്റീവായിരുന്നില്ല .അങ്ങനെ അവൾ പുതിയ സ്കൂളിലേക്ക് എത്തുന്നു .അധികം സൗഹൃദങ്ങളിൽ ഏർപ്പെടാത്തതു കൊണ്ടും അധികം ആരോടും സംസാരിക്കാത്തത് കൊണ്ടും കുട്ടികൾ അവളെ ഒറ്റപ്പെടുത്തി. എന്നാൽ ചിലർ , പണമുള്ള വീട്ടിലെ കുട്ടി ആയതു കൊണ്ട്  പണത്തിൻ്റെ ആവശ്യത്തിന് മാത്രം അവളുടെ അരികിൽ ചെല്ലും .ആ ഒരു സാമീപ്യം പോലും അവളിൽ സന്തോഷമുണ്ടാക്കി .ചിലർ അവളുടെ പെരുമാറ്റം കാണുമ്പോൾ ബുദ്ധി സ്ഥിരതയില്ലാത്ത കുട്ടി എന്ന് വിചാരിച്ചു .

ഒരിക്കൽ പരീക്ഷ നടന്നു കൊണ്ടിരുന്ന സമയം ഒരു കുട്ടി കോപ്പി വച്ച് എഴുതി .അത് ടീച്ചർ പിടിക്കും എന്ന് ഉറപ്പായ സമയം അടുത്ത് ഇരുന്ന അമ്മുവിന്റെ അടുക്കൽ അത് ഇട്ടു. നിരപരാധിയായ അമ്മുവിന് ശിക്ഷ ലഭിച്ചു .എന്നാൽ സത്യം കണ്ട ഒരു കുട്ടി ഇതിനെതിരെ പ്രതികരിക്കുകയും സത്യം തെളിയിക്കുകയും ചെയ്തു. അത്രയും നേരം തന്റെ സ്വന്തം സുഹൃത്തുക്കളുടെ മുന്നിൽ താൻ തെറ്റുകാരി അല്ല എന്ന് ബോധിപ്പിച്ച ആ കുട്ടിയാണ് യഥാർത്ഥ കുറ്റക്കാരി എന്ന് കാണിച്ച് അമ്മുവിന്റെ പേരിലുണ്ടായ തെറ്റിദ്ധാരണ മാറ്റിച്ചു. അത്രയും നേരം അവളുടെ കൂടെ നിന്ന് കൂട്ടുകാരുടെ മുന്നിൽപോലും അവൾ കള്ളിയെന്നും മുദ്രകുത്തപ്പെട്ടു. സ്വന്തം തെറ്റ് മനസ്സിലാക്കി അമ്മുവിനോട് മാപ്പ് അവൾ അപേക്ഷിച്ചു. ഈയൊരു സന്ദർഭത്തിലൂടെ അമ്മുവിന്റെ കുറവുകളെ നികത്തി തങ്ങളിൽ ഒരാൾ ആക്കുകയാണ് അവൾ ചെയ്തത്. ഇപ്പോൾ അവർ എല്ലാവരും ഒറ്റക്കെട്ടാണ് പഠിത്തത്തിലും മനസ്സിന്റെ സൗഹൃദത്തിലും. ചിലപ്പോൾ ചിലരുടെ ചെറിയ തെറ്റുകൾ കാരണം അവരുടെ ജീവിതത്തിലും അതുപോലെ മറ്റൊരാളുടെ ജീവിതത്തിലും മാറ്റം വരാം എന്ന് തെളിയിക്കുന്ന ഒരു കഥയാണ്' വേദനയിലെ സൗഹൃദം '.
നമ്മുടെ ഇടയിലും ഇന്ന് ഒറ്റപ്പെടൽ അനുഭവിക്കുന്ന കുട്ടികൾ ഉണ്ടാകാം. അവരെ അകറ്റി നിർത്താതെ കൂടെ നിർത്തുക. അപ്പോൾ അവരുടെ മുഖത്ത് വിരിയുന്ന പുഞ്ചിരി ആ സമയം നമ്മളെ സംബന്ധിച്ച് ഏറ്റവും സന്തോഷം ഉണ്ടാക്കുന്നതായിരിക്കും.



നന്ദൻ, 9A

# ഇന്റർനെറ്റിന്റെ ലോകം




QUOTES

*SARAYU ANOOP ,8B*

# FAMOUS QUOTES

“We cannot solve our problems with the same thinking we used when we created them”




**AlbertEinstein**

"If you can’t explain it simply,you don’t understood it will enough"

**Albert Einstein**

"I destroy my enemies when i make them my friends"



**Abraham Lincoln**

"Education is the most powerful weapon which you can use to change the world"



**Nelson Mandela**

"Life comes from the earth and life returns to the earth"



**Zhuangzi**

"Everything you can imagine is real"



**Pablo picasso**

"The most valuable gift you can receive is an honest friend"



**Terry Heick**

**QUIZ**

*ADITHYA G NAIR, 9B*

Largest city in india

**DELHI**

Smallest city in India

**KAPURTALA**

Largest state in India

**RAJASTAN**

Smallest state in India

**GOA**

Longest dam in India

**HIRAKUD**

Smallest dam in india

**CHERUTHONI**

Longest river in India

GANGA

Smallest river in India

**ARVARI**

BIOGRAPHY

*APARNA A K, 9 B*

# A P J ABDUL KALAM

Dr. APJ Abdul kalam was born on 15 th october 1931 to a Tamil Muslim Family in Rameswaram, then in Madras presidency in British India and now in tamil Nadu. His Father's name was Jainulaledeen who was a boat owner. His mother name was Ashiamma, who was a house wife Abdulkalam was the youngest of five siblings, He was close to the family was always help them, though her remained a bachelor whole life. To help the family, he started selling news paper at an early age. In the school age days, kalam has an average glader but was described as a bright and hard working students who had a strong desire to lean. He was died July 27 2015



BIOGRAPHY

*VAIGA D R, 8 B*

# ACTOR VIJAY



Joseph vijay Chabdrasekhar born June 22 1974. popularly know as Vijay (Tamil Khyi) is a promnent actor and playback singer in the Tamil film industry. He is fondly known as ‘ Palapati’ After Rajinikanth in the history of Tamil cinema,the actor can claim the most popular actor and the most successful films.In 1997 and 2005,he won the Tamilnadu Government Award for best Actor. Poove unakaka kathaluk Maryadai, Tullath 3 (1999) Shajahan (2001) Gilli (2004) Pokkiri (2007) Thuppaki (2012) Theri (2016) Mersa l (2017) Bigil (2019) Master (2021) Beast (2022) leo (2023) etc are the cinemas

BIOGRAPHY

*VISHNU PRIYA,8B*

# SOBHANA-THE GREAT ACTRESS



Shobhana chandrakumar pillai born 21 march 1970 is an Indian actress and Bharatanatyam dancer. She acts predominantly in malayalam films along tamil etc. She has won two national film awards,one kerala state film awards ,two film fare awards south with 14 nominations for best actress category in three different South Indian languages, Tamilnadu State KalaimamaniAward in 2011 and numerous other awards in a career spanning nearly 40 years Sobhana has starred in 230 films across several languages predominantly in Malayalam ,besides Tamil,Telugu,Kannada,Hind and English

QUOTES

GOURI D R, 9 B

# QUOTES ABOUT SCIENCE

The whole of science is nothing more than refinement of every day thinking

Scientists are explorers Philosophers are tourists

Real science can be far stranger than science fiction and much more satisfying

I am among those who think that science has great beauty.

Success is a science , if you have the coditions ,you get the result

BIOGRAPHY

***ADHIKRISHNAN V L,8B***


# CHRISTIANO RONALDO



Christiano Ronaldo is the most successful footballer in the world.He was born on February 5,1985 in Portugal into a very poor family.The poverty made his life very hard. His father used to work as a gardener and Kit man in a footballl club on a very low pay.His mother work ed as a cook and cleaning person. In early age. Ronaldo played football yearly well,since he was very passionate about the sport.Unfor tunately ,at a small age Ronaldo developed a very serious heart condition .The doctors warned him that if he continous to play football, he might face death due to heart failure.But he decided to playing football with out heart surgery at the age of 15. Ronaldo again practicing foot ball.In the year 2003 ,he joined Manchester united and the manager paid him huge money.This deal made Ronaldo very famous and he became one of the most expensive foot baller in the world.In 2022 Ronaldo created a world record by scoring the most goals in International Football.He won the most prestigious FIFA Ballon d’Or Award five times. He also won European golden shoe award four times,which is a new record.

*QUIZ*

*NIVEDYA B , 8B*




* Which is the first search engine on the internet?

**Archie**

* Which first web browser invented in 1990?

**World Wide Web**

* Which is the first computer virus ?

**Creeper Program**

* What is the full form of CPU?

**Central Processing Unit**

* Which is the largest key in the keyboard?

**Space bar**

* Who is known as father of free software foundation?

**Richard Mathew Stallman**

* Who is the first computer programmer?

**Ada Lovelace**

POEM

*SREEDHANYA, 8B*


# STRONG WOMAN

She is the Ray of light,
She blooms wild and shines bright.....
She is the type of flower
That can still grow afer a forest fire..

MATHS CORNER

ANAND MANU, 9B

# PASCAL'S TRIANGLE



*ABHINAV A. 9 A*

# NATURE



# LITTLE KITES TEAM

